# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 36/11/12/2024/ TVM**

പരാതികക്ഷി : എച്ച്.ലക്ഷ്മണൻ,റ്റി.സി.23/906, വ്യാസ 95
വലിയശാല ഗ്രാമം, തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 12.03.2024**

പരാതിക്കാരൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിരമിച്ച വ്യക്തിയാണെന്നും, വിരമിക്കുന്ന സമയത്ത് ഒറ്റത്തവണയായി 43000/-രൂപ പ്രീമിയം കൊടുത്ത് എസ്.ബി.റ്റി ഇൻഷുറൻസിൽ അംഗമായതായും, ഇപ്പോൾ പൈൽസ് അസുഖം മാറ്റുന്നതിനായി ഒരു സർജറിക്ക് വിധേയനായെന്നും, അതിനു ചിലവായ 1,21,844/-രൂപയുടെ ക്ലെയിമിനായി ആവശ്യപ്പെട്ടപ്പോൾ ബാങ്ക് ആയത് നിരസിച്ചതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ ഭാരതീയ സ്റ്റേറ്റ് ബാങ്ക് അസിസ്റ്റൻറ് ജനറൽ മാനേജർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷിയുടെ അസുഖം ബാങ്കിൻെറ ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടാത്തതിനാലാണ് ടിയാൻെറ അപേക്ഷ നിരസിച്ചതെന്ന് റിപ്പോർട്ടിൽ കാണുന്നു. ഇൻഷുറൻസിൻെറ കവറേജിൽ വരുന്ന 20 അസുഖങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങളും റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. നിയമാനുസൃതമായ നടപടികളാണ് ബാങ്കിൻെറ ഭാഗത്തു നിന്നും ഉണ്ടായതെന്ന് കാണുകയാൽ ഈ പരാതിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ച് പരാതി തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

Amrithesh.v.
രജിസ്ട്രാർ